പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 263 **29-10-2026-ൽ മറുപടിയ്ക്ക്**

സീമാറ്റിലെ നിയമനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. എം. ശശി

ശ്രീ. വി. കെ. സനോജ്

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. എസ്. അരുൺ കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ടെയിനിങ്ങിൽ (സീമാറ്റ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യാതൊരുവിധ ഔദ്യോഗിക വിജ്ഞാപനങ്ങളുമില്ലാതെ പിൻവാതിൽ നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: നിലവിൽ സീമാറ്റ്-കേരളയിൽ അംഗീകൃത നിയമന ചട്ടങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിന് വിധേയമായിരിക്കും എന്ന വ്യവസ്ഥയിൽ കരാർ / ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ റിസർച്ച് ഓഫീസർ തസ്തികയിൽ അടിസ്ഥാന യോഗ്യതയായ പി.എച്ച്.ഡി. ഇല്ലാത്ത ഉദ്യോഗാർഥിയെ ഔദ്യോഗിക അഭിമുഖം പോലും നടത്താതെ ഉയർന്ന മാസശമ്പളത്തിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. സീമാറ്റ് -കേരളയിൽ റിസർച്ച് ആഫീസർ തസ്തികയുടെ യോഗ്യത സംബന്ധിച്ച് അംഗീകൃത ചട്ടം നിലവിലില്ല. പ്രസ്തുത തസ്തികയിൽ 2026 ജൂലൈ മാസം 30-ാം തീയതി നിയമനം ലഭിച്ച വ്യക്തി രാജി വച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയമനം വിവാദമായതിനെത്തുടർന്ന് പ്രസ്തുത വ്യക്തി രാജി വെച്ചിട്ടുള്ളതായി അറിയാമോ; എങ്കിൽ ഇത്തരത്തിൽ അനധികൃതമായി ബയോഡാറ്റ മാത്രം വാങ്ങി നിയമനം നൽകാൻ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് അച്ചടക്ക നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. സീമാറ്റ് -കേരളയിൽ റിസർച്ച് ആഫീസർ തസ്തികയുടെ യോഗ്യത സംബന്ധിച്ച് അംഗീകൃത ചട്ടം നിലവിലില്ല. പ്രസ്തുത തസ്തികയിൽ 2026 ജൂലൈ മാസം 30-ാം തീയതി നിയമനം ലഭിച്ച വ്യക്തി രാജി വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ സമാനമായ രീതിയിൽ മറ്റ് അനവധി പേർക്ക് കൂടി സീമാറ്റിൽ അനധികൃത നിയമനം നൽകിയെന്ന് പറയപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: സീമാറ്റ്-കേരളയിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് പ്രത്യേക ചട്ടങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ തസ്തികകളിലായി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് 19 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഇ) യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതിനായി അനധികൃത നിയമനങ്ങൾ പൂർണ്ണമായും റദ്ദാക്കാനും സുതാര്യമായ രീതിയിൽ നിയമനം നടത്താനും നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

മറുപടി: സീമാറ്റ്-കേരളയിലെ നിയമനപ്രക്രിയ സുതാര്യമാക്കുന്നതിന്റെ ഭാഗമായി നിയമനത്തിനുള്ള പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ